കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***<u>പ്രസിദ്ധീകരണത്തിന്</u>***

തീയതി 15.09.2020

# തകർന്ന എയർപോർട്ട് – ശംഖുമുഖം റോഡിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു – മന്ത്രി ജി.സുധാകരൻ

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ അതിരൂക്ഷ കടലാക്രണത്തിൽ തകർന്ന തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ ശംഖുമുഖം ബീച്ച് റോഡിന്റെ സംരക്ഷണ ഭിത്തിയുടേയും റോഡിന്റെയും പുനർനിർമ്മാണ പ്രവൃത്തികൾ മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസ് വഴി ഉദ്ഘാടനം ചെയ്തു. ശംഖുമുഖത്ത് നടന്ന ഉദ്ഘാടന ചടങ്ങിൽ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അദ്ധ്യക്ഷത വഹിച്ചു.

സ്ഥായിയായി നിലനിൽക്കത്തക്ക രൂപത്തിലുള്ള സംരക്ഷണ ഭിത്തിയുടെ ഡിസൈൻ കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ) ആണ് തയ്യാറാക്കിയത്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5.39 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമായതിനെ തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി കരാർ ഒപ്പിട്ട് പ്രവൃത്തി ആരംഭം കുറിച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

തീര റോഡിനെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് നൂതന സാങ്കേതികവിദ്യയായ റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ഡയഫ്രം വാൾ നിർമ്മിച്ച് ആങ്കർ ചെയ്ത് 260 മീറ്റർ നീളത്തിലും 50 സെന്റീമീറ്റർ കനത്തിലും 8 മീറ്റർ താഴ്ചയിലുമാണ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത്. പ്രസ്തുത യോഗത്തിൽ തിരുവനന്തപുരം നിയോജക മണ്ഡലം എം.എൽ.എ വി.എസ്. ശിവകുമാർ, തിരുവനന്തപുരം കോർപ്പറേഷൻ മേയർ കെ. ശ്രീകുമാർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയർ ചടങ്ങിൽ പങ്കെടുത്തു.

കേരള സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിൽ 186 കോടി രൂപയുടെ 11 പദ്ധതികൾ കൂടി ഇന്ന് ഉദ്ഘാടനം ചെയ്തതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.